**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 129** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കൃഷി നയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉഷ വിജയൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ കൃഷി നയം സമഗ്രമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. കേരളത്തിലെ കാർഷികവികസനത്തിനായി സമഗ്രമായ ഒരു കാർഷിക നയം ആദ്യമായി രൂപീകരിച്ചത് 1992-ലാണ്. ഇപ്പോൾ നടപ്പിലാക്കി വരുന്ന കർഷക അവാർഡുകൾ, കർഷക പെൻഷൻ, കാർഷിക കടാശ്വാസം, നിലസ്ഥിരത ഫണ്ട് തുടങ്ങിയ പല പദ്ധതികൾക്കും അടിസ്ഥാനം 1992-ലെ കാർഷിക നയരേഖയാണ്. തുടർന്ന് 2015-ൽ പരിഷ്കരിച്ച കാർഷിക നയം കാലാനുസൃതമായ മാറ്റങ്ങളോടെ പുനപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. ഭൂനിയമങ്ങളിൽ കാലാനുസൃത ഭേദഗതികൾ, കാലാവസ്ഥാ പ്രതിരോധ കൃഷി, വിപണന ശൃംഖല വികസനം, വന്യജീവി പ്രതിരോധ സംവിധാനം, കാർഷിക മേഖലയിൽ വനിതകളുടേയും യുവാക്കളുടേയും പങ്കാളിത്തം ഉറപ്പു വരുത്തൽ, "Kerala Brand" മുഖേന ദേശീയ-അന്തർദേശീയ വിപണിയിൽ പ്രവേശനം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ പരിഗണിക്കുന്നത്.

പുതിയ കാർഷിക വികസന ആവശ്യങ്ങൾ നിറവേറ്റാൻ ഭൂമിയുടെ ഉപയോഗ രീതിയിൽ മാറ്റങ്ങൾ കൊണ്ടു വരേണ്ടതുണ്ട്. തോട്ടം ഭൂമിയിൽ വൈവിധ്യമാർന്ന വിളകൾ കൃഷി ചെയ്യുന്നതിനും ഫാം ടൂറിസം പോലെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യതകൾ ഇത്തരത്തിലുള്ള മാറ്റം സഹായിക്കും.

കാലാവ്യസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കേരളത്തിലെ കർഷകർക്ക് ഏറെ ബാധിക്കുന്നു. അതിനാൽ ജലസംരക്ഷണ സാങ്കേതിക വിദ്യകൾ, കാലാവസ്ഥാ പ്രവചനത്തെ അടിസ്ഥാനമാക്കിയുള്ള കൃഷി പദ്ധതികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രകൃതി ദുരന്തങ്ങൾ മൂലം വിളകൾക്കുണ്ടാകുന്ന നഷ്ടത്തിനുള്ള സാമ്പത്തിക നഷ്ടപരിഹാരം ആവശ്യാധിഷ്ഠിതമായി വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ

റബ്ബർ ഉല്പാദനത്തിനുള്ള പ്രോത്സാഹന സബ്സിഡി (Rubber Production Incentive) കിലോഗ്രാമിന് 200 രൂപയിൽ നിന്ന് 250 രൂപയായി സംസ്ഥാനം ഉയർത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ മാറ്റങ്ങളിലൂടെ കർഷകക്ഷേമവും കാർഷിക മേഖലയുടെയും ഉന്നമനവും ലക്ഷ്യമിടുന്നു.

**(ബി)** കാലാനുസൃതമായി കൃഷിയിൽ ഉണ്ടാകുന്ന മാറ്റത്തിൽ ഈ സർക്കാരിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> കാലാനുസൃതമായി കൃഷിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുണ്ട്. കൃഷിയിൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനായി 'Technology Driven Agriculture' പദ്ധതി, കാർഷിക മേഖലയിലെ വനിതകളെ ശാക്തീകരിക്കുന്നതിനായി 'കൃഷി സഖി' പദ്ധതി, സ്കൂൾ വിദ്യാർത്ഥികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷിയിൽ അഭിരുചി വളർത്തുന്നതിനുമായി 'കതിര്' പദ്ധതി, കയറ്റുമതി ഗുണനിലവാരമുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ഉൽപ്പാദനത്തിന് കർഷകർക്ക് പ്രത്യേക സഹായം, കർഷകർക്ക് ഫാം ടൂറിസത്തിലൂടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലാനുസൃതമായി കൃഷിയിൽ ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി കാലാവസ്ഥാ പ്രതിരോധ കൃഷി, സുസ്ഥിര കൃഷി, കാർബൺ സംഭരണം, മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയിലൂന്നി മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.

**(സി)** നെല്ല് സംഭരണ വിഷയത്തിൽ മുൻ സർക്കാരിന് ഉണ്ടായെന്ന് പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കാൻ സപ്ലൈകോയുമായി ചേർന്ന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ, കൃഷിഭൂമി-വിള പരിശോധന, മില്ലുകളുമായുള്ള കരാർ, മിൽ അലോട്ട്മെന്റ്, സംഭരണശേഷി, ഗതാഗതം തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ കാലതാമസം ഒഴിവാക്കി സംഭരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി കൃഷിവകുപ്പ് സപ്ലൈകോയ്ക്ക് കാലാകാലങ്ങളിൽ ആവശ്യമായ/അഭികാമ്യമായ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ നൽകി വരാറുണ്ട്. സംഭരണവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ കൃഷിവകുപ്പിന്റെ AIMS/KATHIR പോർട്ടലുകളുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. ഇതിലൂടെ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കുന്നതിനും കർഷകർക്കും ഉദ്യോഗസ്ഥർക്കുമുള്ള ജോലിഭാരം കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി നിലവിലുള്ള പി.ആർ.എസ്. വായ്പാ സംവിധാനത്തിലൂടെയും, വായ്പ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സപ്ലൈകോ നേരിട്ട് തുക നൽകുന്നതിനുള്ള സംവിധാനത്തിലൂടെയും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള സബ്സിഡി തുക ലഭ്യമാക്കുന്നതിനും ബാങ്കുകളുമായുള്ള ഏകോപനത്തിനും ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പണലഭ്യത, കണക്കുസൂക്ഷിക്കൽ, ക്ലെയിം സമർപ്പണം, ഓഡിറ്റിങ് എന്നിവ കാര്യക്ഷമമാക്കുന്നതിനും അക്കൗണ്ടിങ് സംവിധാനം പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സപ്ലൈകോ സ്വീകരിക്കുന്നതാണ്. ഈ നടപടികളിലൂടെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് സംഭരണത്തുക സമയബന്ധിതമായി നൽകുന്നതിനും ലക്ഷ്യമിടുന്നു.

**(ഡി)** അകന്നു പോകുന്ന കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താനും യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാനും എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കർഷകരെ കാർഷിക മേഖലയിൽ പിടിച്ചുനിർത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികളും ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വിളകളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും മെച്ചപ്പെടുത്താനും, അതിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം ഉറപ്പുവരുത്താനും, കാർഷിക മേഖലയെ സംരക്ഷിക്കാനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ സ്ത്രീ കർഷകരുടെ ശാക്തീകരണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും, കാർഷിക മേഖലയിൽ ആധുനികവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും, സുസ്ഥിര കാർഷിക വികസനം, വരുമാന വർധനവ്, കാർഷിക സംരംഭകത്വം എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, യുവതലമുറയിൽ കൃഷിയോടുള്ള താൽപ്പര്യം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കൃഷി സഖി - വനിതാ കർഷക വികസന പരിപാടിക്കായി ₹350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാ കർഷക ഗ്രൂപ്പുകളെ കണ്ടെത്തി, അവരെ കാർഷിക സംരംഭങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും ഏകോപിപ്പിക്കുന്നതിലൂടെ വനിതാ കർഷകരെ കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാന ശക്തിയാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദനം, സംസ്കരണം, മൂല്യവർധനവ്, വിപണനം, വിതരണം എന്നിവ ഉൾപ്പെടുന്ന മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന രീതിയിൽ, കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നു.

കാർഷിക മേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി "സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി" എന്ന പദ്ധതിക്ക് ₹150.00 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. നിർമിത ബുദ്ധി (AI), ഡ്രോണുകൾ, IoT (Internet of Things) ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ നവീന സാങ്കേതികവിദ്യകളുടെ പ്രദർശനവും സ്വീകരണവും വഴി ഉൽപ്പാദനക്ഷമത വർധിപ്പിക്കുക, വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുക, കീട-രോഗ നിയന്ത്രണം ശക്തിപ്പെടുത്തുക, ചെലവ് കുറയ്ക്കുക, കാലാവസ്ഥാ പ്രതിരോധശേഷി മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

ഫാം ടൂറിസം ഒരു സുസ്ഥിര കാർഷിക സംരംഭമായി വികസിപ്പിക്കുന്നതിനായി ₹50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വരുമാനം വർധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കേരളത്തിന്റെ കാർഷിക പൈതൃകം പ്രദർശിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രായോഗിക ബിസിനസ് പ്ലാനുകളും വിശദമായ DPR (Detailed Project Report)കളും അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത്, ക്രെഡിറ്റ് ലിങ്ക്ഡ് പ്രോജക്ടുകൾക്ക് പലിശ സബ്‌വെൻഷൻ നൽകും. സംസ്ഥാനത്തുടനീളമുള്ള ഫാം ടൂറിസം സംരംഭങ്ങളുടെ അപേക്ഷ, നിരീക്ഷണം, മാനേജ്മെന്റ് എന്നിവ കാര്യക്ഷമമാക്കാൻ കതിര് ആപ്ലിക്കേഷനിൽ പ്രത്യേക മൊഡ്യൂൾ ഒരുക്കാനും ഉദ്ദേശിക്കുന്നു.

സംസ്ഥാനത്ത് കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത അവസ്ഥയാണ് കാർഷികവൃത്തി ഉപേക്ഷിച്ച് മറ്റ് ജോലികൾ തേടിപ്പോകാനുള്ള പ്രവണതയ്ക്ക് പ്രധാന കാരണം. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിലൂടെ ഇടനിലക്കാരുടെ ഇടപെടലില്ലാതെ മെച്ചപ്പെട്ട വില ലഭിക്കുന്നു. കൊപ്ര, റബർ, നെല്ല് തുടങ്ങിയ വിളകൾക്ക് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനവിഹിതവും ചേർത്ത് നിലവിൽ കേരളത്തിൽ കിലോ ഒന്നിന് 30 രൂപ എന്ന നിരക്കിൽ നെല്ല് സംഭരണം സപ്ലൈകോ മുഖേന നടപ്പിലാക്കി വരുന്നു. കൃഷിവകുപ്പ് മുഖേന റബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Rubber Production Incentive Scheme. റബറിന് നിലവിൽ ഇൻസെന്റീവായി കിലോ ഒന്നിന് 250 രൂപയായി ഇപ്പോൾ ഉയർത്തിയിട്ടുണ്ട്.

ഉത്സവകാലങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങൾക്ക് നല്ല വില ലഭിക്കുന്നതിനായി കൃഷിവകുപ്പ് പ്രത്യേക വിപണികൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം വിപണികളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ നിലവിലുള്ള വിപണി നിരക്കുകളിൽ നിന്ന് 10% ഉയർന്ന നിരക്കിൽ സംഭരിക്കുന്നു.

പ്രകൃതിക്ഷോഭങ്ങൾ മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടസാധ്യത ലഘൂകരിക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടിയും, പ്രധാനമന്ത്രി ഫസൽ ഭീമ യോജന (PMFBY), റീ-സ്ട്രക്ചേഡ് വെതർ ബേസ്ഡ് ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതി (Restructured Weather Based Crop Insurance Scheme) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

60 വയസ് കഴിഞ്ഞ മുതിർന്ന കർഷകർക്ക് 2000 രൂപ പ്രതിമാസം കർഷക പെൻഷൻ നൽകി വരുന്നു. കർഷകർക്ക് സമയാസമയങ്ങളിൽ വിളകൾക്ക് ആവശ്യമായ വിവിധ ഉൽപ്പാദനോപാധികൾ സംഘടിപ്പിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (PM-KISAN) എന്ന കേന്ദ്ര പദ്ധതിയിലൂടെ പ്രതിവർഷം 6000 രൂപ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി കർഷകർക്ക് ലഭിക്കുന്നുണ്ട്.

കാർഷിക രംഗത്തേക്ക് കടന്നുവരുന്ന പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവൽക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നത്.

കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകളുമായി നിരവധി ചെറുപ്പക്കാർ രംഗത്തുണ്ട്. കാർഷിക-ടെക് സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ സൗകര്യങ്ങളും നൽകുന്നുണ്ട്. അഗ്രിടെക് സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യസംസ്കരണം, ഗ്രാമീണ സംരംഭകത്വം എന്നിവയെ പിന്തുണയ്ക്കുന്നതിനായി കാർഷിക സർവകലാശാലയിൽ പ്രവർത്തിക്കുന്ന KAU Agri-Business Incubator, വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന Techno Incubation Center എന്നിവയെപ്പോലെ നിരവധി പ്രമുഖ കാർഷിക ബിസിനസ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങളും ഗവേഷണ പരിപാടികളും കേരള കാർഷിക സർവകലാശാല ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഈ സാമ്പത്തിക വർഷം സ്കൂൾ വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപ്പര്യം വളർത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'കതിര്' കാർഷിക ക്ലബ്ബുകൾ എന്ന പുതിയ ഘടകം നടപ്പിലാക്കുന്നുണ്ട്. ഈ വർഷം സംസ്ഥാനത്ത് 500 വിദ്യാലയങ്ങളിലാണ് കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് കൃഷി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

കൃഷിയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കാൻ നടപ്പിലാക്കുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് മൂല്യവർധനവിനുള്ള പദ്ധതി. എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയാണ്. എസ്.എഫ്.എ.സി. (Small Farmer Agri Business Consortium) മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർധിപ്പിക്കുന്ന തരത്തിൽ മൂല്യവർധിത ഉൽപ്പന്ന നിർമാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

ലോകബാങ്ക് ധനസഹായത്തോടെയുള്ള 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി' 2024-25-ൽ ആരംഭിച്ചു. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക

മേഖലയിലെ വാണിജ്യവൽക്കരണം ഉറപ്പുവരുത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കൃത്യതാ കൃഷി, ഡ്രോൺ, IoT, AI അധിഷ്ഠിത കാർഷിക മാതൃകകൾ, ഡിജിറ്റൽ വിപണന പ്ലാറ്റ്ഫോമുകളുടെ ഉപയോഗം എന്നിവയിൽ യുവതീ-യുവാക്കൾ ഇപ്പോൾ മുന്നോട്ടുവരുന്നുണ്ട്. കാർഷിക ടൂറിസം (AgriTourism) യുവാക്കൾക്ക് തൊഴിൽ അവസരങ്ങളും വരുമാനവും ഉറപ്പുവരുത്താൻ സഹായിക്കും.

മണ്ണിന്റെ ആരോഗ്യം നിലനിർത്തുക, മണ്ണറിഞ്ഞ് വളം ചെയ്യുക, മണ്ണൊലിപ്പ് തടഞ്ഞ് ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക, ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുക, കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്തുക, കാർഷികമേഖലയുടെ ഉൽപ്പാദനക്ഷമതയും കർഷകരുടെ ആദായവും വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കർഷകർക്ക് വരുമാന സ്ഥിരത, സുരക്ഷ, സാമൂഹിക അംഗീകാരം എന്നിവ നൽകുന്നതിലൂടെ യുവാക്കളെ കൃഷിയേലേയ്ക്ക് ആകർഷിക്കുന്നതിനും ഈ മേഖലയിൽ പിടിച്ചു നിർത്താനും കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**